**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1723** **29-09-2025 - ൽ മറുപടിയ്ക്ക്**

**പോഷക സമൃദ്ധി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകികൊണ്ടും കാർഷിക പാരിസ്ഥിതിക പ്രശ്നങ്ങൾ അടിസ്ഥാനമാക്കിയും പോഷക പ്രാധാന്യമുള്ള വിളകൾ ഉല്പാദിപ്പിക്കുന്നതിന് പ്രത്യേകമായി പോഷക സമൃദ്ധി മിഷന് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട് .<br><br>ഉത്പാദനം, വിപണനം, മൂല്യവർദ്ധനവ്, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് പ്രാധാന്യം നൽകി കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി പോഷക പ്രാധാന്യമുള്ള വിളകൾ ഉൽപ്പാദിപ്പിക്കുന്നതിനും, അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചാണ് പോഷക സമൃദ്ധി മിഷന് രൂപം നൽകിയിട്ടുള്ളത്.<br><br>പോഷക സമൃദ്ധി മിഷന്റെ പ്രവർത്തനത്തിലൂടെ പോഷക സമൃദ്ധവും സുരക്ഷിതമായ ഭക്ഷണം ഉറപ്പു വരുത്തുന്നതിനും, മിഷനിൽ ഉൾപ്പെട്ട വിളകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകരമാകുന്നു. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നീ വിളകൾക്ക് മിഷനിലൂടെ പ്രോത്സാഹനം നൽകുന്നു. പോഷക പ്രാധാന്യമുള്ള ഭക്ഷണത്തിന്റെ ലഭ്യത ആവശ്യാനുസരണം ഉറപ്പാക്കുന്നതിനായി മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ട വിവിധ വിളകൾ വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ സമയബന്ധിതമായി ഉൽപാദിപ്പിക്കുന്നു. ഇതിനായി മേൽപറഞ്ഞ വിളകളുടെ വികസനത്തിനായി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്ന വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ ഫലപ്രദമായ രീതിയിൽ സംയോജിപ്പിക്കുന്നു.<br><br>ഉത്പാദനം, വിപണനം, മൂല്യവർദ്ധനവ് എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ച് കർഷകരുടെ |

വരുമാനം വർദ്ധിപ്പിക്കുന്നതിനും മിഷനിലൂടെ ലക്ഷ്യമിടുന്നു. പദ്ധതി വിപുലീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1.പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത.**

പോഷകത്തോട്ടങ്ങൾ വ്യാപകമാക്കുന്നതിലൂടെയും, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി, മഴമറ കൃഷി, തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി, പരമ്പരാഗത ഇനങ്ങളുടെ കൃഷി, എന്നിവയിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർധിപ്പിക്കുവാൻ കഴിയും. പോഷക സമൃദ്ധി മിഷന്റെ ഭാഗമായി പ്രചാരണടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വഴി കൂടുതൽ ജനങ്ങളിലേക്ക് സന്ദേശം എത്തിക്കുകയും, പച്ചക്കറി കൃഷി വ്യാപകമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**2. പോഷകത്തോട്ടങ്ങൾ**

ഓരോ കുടുംബത്തിനും കഴിയുന്നതും, സ്വന്തമായി ഒരു പോഷകത്തോട്ടം ഉണ്ടാകണം. സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ പോഷകത്തോട്ടങ്ങൾ തയ്യാറാക്കുന്നതിന് വേണ്ടി വിദഗ്ദരുടെ സഹായത്തോടെ പോഷത്തോട്ടങ്ങൾ രൂപ കല്പന ചെയ്തിട്ടുണ്ട്.

**3.കൃഷിക്കൂട്ടങ്ങളുടെ പോഷകത്തോട്ടങ്ങൾ**

പോഷക സമൃദ്ധി മിഷന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ഉൽപ്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ, തനതു കൃഷിയോടൊപ്പം, പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾ കൂടി കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന വ്യാപകമായി മാതൃകാ കൃഷിത്തോട്ടങ്ങൾ, കൃഷിക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

**4.ചെറുധാന്യങ്ങളുടെ കൃഷി (ആർ.കെ.വി.വൈ.)**

ഏറ്റവും കുറഞ്ഞ ചെലവിൽ കൃഷി ചെയ്തു വിളവെടുക്കാൻ കഴിയുന്നതും, പോഷക സമൃദ്ധവുമായ ചെറുധാന്യങ്ങൾ, അവയുടെ ഉത്പന്നങ്ങളുടെ വിലനിലവാരം കൂടി കണക്കിലെടുത്ത് കൃഷി നടപ്പിലാക്കിയിട്ടുണ്ട്.

**5.പഴവർഗ/പയർ/കൂൺ ഗ്രാമങ്ങൾ (എം.ഐ.ഡി.എച്ച്.)**

പഴവർഗ്ഗങ്ങൾ, പയർ ഇനങ്ങൾ, കൂൺ എന്നിവ 50 ഹെക്ടറിൽ കൂടുതൽ കൃഷി ചെയ്യുന്ന ഗ്രാമങ്ങളെ

പഴവർഗ്ഗ/പയർ വർഗ്ഗ/കുൺ ഗ്രാമങ്ങൾ ആയി പ്രഖ്യാപിക്കുന്നതാണ്. ഇത്തരം ഗ്രാമങ്ങളിൽ, മേല്പറഞ്ഞ വിളകളുടെ കൃഷി, വിളവെടുപ്പ്, വിപണനം, മൂല്യവർധനവ് എന്നിവയ്ക്കുവേണ്ട മുന്നൊരുക്കങ്ങൾ യഥാസമയം നടത്തിയിട്ടുണ്ട്.

### 6.പരമ്പരാഗത ഇനങ്ങളുടെ കൃഷി

പരമ്പരാഗത ഇനങ്ങളുടെ വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയുടെ കൈമാറ്റത്തിലൂടെ ഇത്തരം വിളകൾ കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിച്ചു.

### 7.പോഷകാഹാര-ഭക്ഷണ തളികയുടെ രൂപകല്പനയും പ്രചാരണവും

ഒരു സമീകൃത ഭക്ഷണ ക്രമത്തിൽ ഉൾപ്പെടുത്തേണ്ട വിവിധ ഘടകങ്ങളെ രൂപപ്പെടുത്തുന്നതിനുള്ള മാതൃകകൾ ആണ് പോഷക തളികകൾ. പോഷകാഹാരം ഉറപ്പാക്കുന്നതിന് ഭക്ഷണം ക്രമീകരിക്കുന്നതിനായി "പോഷക തളികൾ" മിഷന്റെ ഭാഗമായി രൂപകൽപ്പന ചെയ്തിട്ടുണ്ട്. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 5 കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനപ്പെടുത്തി പോഷക തളികകൾ തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന്, വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കുട്ടികൾ , സ്ത്രീകൾ , ഗർഭിണികൾ, പുരുഷന്മാർ , വയോജനങ്ങൾ എന്നിവരെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ 17 വിഭാഗമായി തിരിച്ച് പോഷകതളിക തയ്യാറാക്കി ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

### 8.കൃഷി പാഠശാലകൾ (Farm field school/Farm Schools)

ആത്മ പദ്ധതികളുടെ ഭാഗമായുള്ള ഫീൽഡ് സ്കൂളുകൾ/കൃഷി പാഠശാലകൾ എന്നിവ മുഖാന്തിരംപോഷക സമൃദ്ധി മിഷന്റെ ഫലപ്രദമായ നടത്തിപ്പിന് സഹായകരമായ തരത്തിൽ, പ്രാദേശിക ആവശ്യങ്ങൾക്ക് അനുസൃതമായിവേണ്ട പരിശീലനങ്ങൾ നടത്തി.

### 9.സമാഹരണ കൂട്ടങ്ങൾ (Aggregation Centres)

വിപണനം, മൂല്യ വർദ്ധനവ് എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന എഫ്.പി.ഒ.-കൾ (കർഷക ഉൽപ്പാദക സംഘടനകൾ), കൃഷിക്കൂട്ടങ്ങൾ എന്നിവയ്ക്ക് പോഷക സമൃദ്ധി മിഷനുമായി ബന്ധപ്പെട്ട

പ്രവർത്തനങ്ങൾ ഫലപ്രദമമായി ഏകോപിപ്പിക്കുന്നതിനു കഴിയുന്നതാണ്. ഇത്തരത്തിൽ ഇടപെടാൻ കഴിയുന്ന സമാഹരണ കൂട്ടങ്ങളെ സംസ്ഥാനാടിസ്ഥാനത്തിൽ സജ്ജമാക്കിയിട്ടുണ്ട്.

**10.വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി**

വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, കുറഞ്ഞത് 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 ഹെക്ടർ വരെ പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 ലക്ഷം മുതൽ 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് 1 ഹെക്ടറിന് 25,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. വനിതകൾ, യുവാക്കൾ എന്നിവരുടെ ക്ലസ്റ്ററുകൾക്ക് മുൻഗണന നൽകി കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു.

**11.ഉറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി**

സസ്യ വളർച്ചയ്ക്കാവശ്യമായ ജലം, പോഷകമൂല്യങ്ങൾ എന്നിവ കൃത്യമായ സമയത്ത് കൃത്യമായ അളവിൽ കൃത്യമായ രീതിയിൽ സസ്യങ്ങൾക്ക് നൽകുന്ന കൃഷി സമ്പ്രദായമാണ് ഉറസ്സായ സ്ഥലത്തെ കൃത്യത കൃഷി. ജലസേചനത്തിനായി ഡ്രിപ്പും ജലസേചനത്തിനോടൊപ്പം തന്നെ രാസവളങ്ങളും നൽകുന്ന ഫെർട്ടിഗേഷൻ സംവിധാനവും ഉപയോഗിക്കുന്ന ഈ കൃഷി രീതി നടത്താവുന്നതാണ്. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ പച്ചക്കറി ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും പരമ്പരാഗതമായ കൃഷി രീതികളെ പ്രോത്സാഹിപ്പിച്ചു വരുന്നു. ഉറസ്സായ സ്ഥലത്തെ കൃത്യത കൃഷി നടപ്പിലാക്കുന്നതിനായി ഒരു ഹെക്ടറിന് 1 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു.

**12.മിഷനിൽ ഉൾപ്പെട്ട വിളകളുടെ മൂല്യവർദ്ധനവും വിപണനവും**

വിവിധയിനം വിളകളുടെ ഉത്പാദനത്തിൽ, നമുക്ക് മുന്നേറാനുണ്ട്. എന്നിരുന്നാലും വിവിധ കാരണങ്ങളാൽ പ്രാദേശികമായി ഉത്പാദിപിക്കപ്പെടുന്ന കാർഷിക വിളകൾ വിറ്റഴിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നു. പഞ്ചായത്ത് തലത്തിൽ, ആഴ്ച്ചന്തകൾ, ഇക്കോഷോപ്പുകൾ എന്നിവയും, ബ്ലോക്ക് തലത്തിൽ, ബി.എൽ.എഫ്.ഒ. കൾ എന്നിവയും വിപണനത്തിന് സഹായകരമാണ്. കൂടാതെ അംഗങ്ങളായ

| | | | |
|---|---|---|---|
| | | | കർഷകർക്ക് വി.എഫ്.പി.സി.കെ.യുടെ സ്വാശ്രയ കർഷക വിപണികളിലും ഉത്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയുന്നു. പോഷക സമൃദ്ധി മിഷൻ, ജൈവ കാർഷിക മിഷൻ, എന്നീ മിഷനുകൾ സജ്ജമാകുന്നതോടുകൂടി വിവിധ വിളകളുടെ, വിശിഷ്യാ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ കൂമിൾ തുടങ്ങിയവയുടെ ഉത്പാദനത്തിൽ മുന്നേറ്റമുണ്ടാകും. ഇപ്രകാരം ഉത്പാദിക്കപ്പെടുന്ന വിവിധ കാർഷിക വിളകൾക്ക് വിപണി സംവിധാനം, ന്യായമായ വില എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.<br><br>**13.പ്രചാരണ പരിപാടികൾ**<br><br>മേല്പറഞ്ഞ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന മികച്ച മാതൃകകൾക്ക് പ്രോത്സാഹനം നൽകുന്നതിനും, അവ പൊതു ജനങ്ങളിലേക്ക് എത്തിക്കുന്നതിനുമായി പോഷക സമൃദ്ധി മിഷൻ- വിവിധ തലത്തിലുള്ള പ്രചാരണ പരിപടികൾ നടത്തി. ഇതിന്റെ സംഘാടന ചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോ നിർവ്വഹിക്കും. |
| (ബി) | പ്രസ്തുത മിഷൻ രൂപീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പ വരുത്തി, ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നല്കി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള "പോഷക സമൃദ്ധി മിഷൻ" ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• പച്ചക്കറി/പയറുവർഗ്ഗങ്ങൾ/ ചെറുധാന്യങ്ങൾ/ പഴവർഗ്ഗങ്ങൾ എന്നിവയുടെ അവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക.<br>• പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക.<br>• പോഷക പ്രധാന്യമുള്ള ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിളകളുടെ ഉല്പാദനവും ഉപയോഗവും വ്യാപകമാക്കുക.<br>• പയറുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനം ആരോഗ്യ സൂചികക്കനുസൃതമായി വർദ്ധിപ്പിക്കുക.<br>• കൂൺ കൃഷിയും കൂൺ അടിസ്ഥാനമാക്കിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക.<br>• ഉത്തമ കൃഷിരീതികളിലൂടെയും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ഉല്പന്നങ്ങൾ ലഭ്യമാക്കുക.<br>• ഉല്പാദനം, വിപണനം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ |

| | | | |
|---|---|---|---|
| | | | ഫലപ്രദമായി ഉപയോഗിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.<br>• പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നല്കി ജീവിത ശൈലി രോഗങ്ങളിൽ നിന്നും വിമുക്തി നേടുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക.<br>• പോഷക സമൃദ്ധി മിഷന്റെ ഭാഗമായി പ്രോത്സാഹനം നൽകുന്ന 5 വിഭാഗത്തിൽപ്പെട്ട വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ വിളകൾ അടിസ്ഥാനമാക്കിയുള്ള പദ്ധതികളിലൂടെയും കർഷകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൽ ലഭ്യമാക്കുന്നതാണ്. ഉത്തമകൃഷി രീതിയിലൂടെയും, ജൈവകൃഷി രീതിയിലൂടെയും ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾക്ക് ഉയർന്ന വില ലഭ്യമാകുന്നതാണ്. മേൽ പറഞ്ഞ പ്രവർത്തനങ്ങളിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് സഹായകമാകും. |
| (സി) | സംസ്ഥാനത്ത് എത്ര കുടുംബങ്ങളെ മിഷന്റെ ഭാഗമാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ; ഇതിനകം എത്ര കുടുംബങ്ങളെ ഇതിന്റെ ഭാഗമാക്കിയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (സി) | 2024-25 സാമ്പത്തിക വർഷം മുതൽ 2026-27 വർഷം വരെ നീണ്ടു നിൽക്കുന്ന മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വർഷത്തിലും 25 ലക്ഷം വീതം ആകെ 75 ലക്ഷം കുടുംബങ്ങളെ പങ്കാളികളാക്കുന്നതിനാണ് മിഷനിൽ ലക്ഷ്യമിട്ടിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ 4,59,839 കുടുംബങ്ങളെയാണ് മിഷനിൽ പങ്കാളികളാക്കിയിട്ടുള്ളത്. നാളിതുവരെ ആകെ 5,65,731 കുടുംബങ്ങളെ മിഷന്റെ ഭാഗമാക്കിയിട്ടുണ്ട്. |
| (ഡി) | കാർഷിക, പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി പ്രത്യേകമായി ന്യൂട്രീഷൻ പ്ലേറ്റ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ഒരു സമീകൃത ഭക്ഷണ ക്രമത്തിൽ ഉൾപ്പെടുത്തേണ്ട വിവിധ ഘടകങ്ങളെ രൂപപ്പെടുത്തുന്നതിനുള്ള മാതൃകകൾ ആണ് പോഷക തളികകൾ. പോഷകാഹാരം ഉറപ്പാക്കുന്നതിന് ഭക്ഷണം ക്രമീകരിക്കുന്നതിനായി "പോഷക തളികകൾ" മിഷന്റെ ഭാഗമായി രൂപകൽപ്പന ചെയ്തിട്ടുണ്ട്. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 5 കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനപ്പെടുത്തിയും കുട്ടികൾ , സ്ത്രീകൾ , ഗർഭിണികൾ,പുരുഷന്മാർ , വയോജനങ്ങൾ എന്നിവരെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ 17 വിഭാഗമായി തിരിച്ചും പോഷക തളികകൾ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ